**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 586**

**01.12.2015-ലെ മറുപടിയ്ക്ക്**

## മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | എ) | ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും, കമ്പനി അധികൃതരുമായി കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17.09.2015 ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക യോജിച്ചതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും, പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ പദ്ധതികളുമായി മുന്നോട്ടു വരണമെന്ന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശം കമ്പനിയുടെ 2015 ഒക്ടോബർ മാസത്തിൽ കൂടുന്ന ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ സമർപ്പിക്കാമെന്നും അതിന്മേൽ ഉചിതമായ തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് പുതിയ നിർദ്ദേശം സർക്കാരിന് സമർപ്പിക്കാമെന്നും കമ്പനി പ്രതിനിധികൾ ഉറപ്പ് നൽകിയിട്ടുണ്ട്. ഇതുവരെ പുതുക്കിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ